**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2143** — **07.07.2015 - ൽ മറുപടിക്ക്**

## വരവൂർ വ്യവസായ പാർക്കിൽ വ്യവസായ സംരംഭങ്ങൾ

ചോദ്യം
ശ്രീ. കെ. രാധാകൃഷ്ണൻ

**മറുപടി**
**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി**
**(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | ചേലക്കര മണ്ഡലത്തിലെ വരവൂർ വ്യവസായ പാർക്കിൽ വ്യവസായ സംരംഭങ്ങൾ നടപ്പിലാക്കുവാൻ കേന്ദ്ര സർക്കാരിന് പദ്ധതി സമർപ്പിച്ചിട്ടുണ്ടോ ; | (എ) : | ഉണ്ട്. |
| (ബി) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | (ബി) : | ചേലക്കര മണ്ഡലത്തിൽ വരവൂരിൽ വ്യവസായ പാർക്ക് തുടങ്ങുന്നതിനായി 8.55 ഏക്കർ സ്ഥലം 1.94 കോടി രൂപയ്ക്ക് 2013-ൽ ഏറ്റെടുത്തിട്ടുണ്ട്. ഈ വ്യവസായ പ്ലോട്ട് വികസനത്തിനായി കേന്ദ്ര സർക്കാരിന്റെ Micro Small Enterprises - Cluster Development Programme (MSE-CDP) പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി പദ്ധതിയിൽ 10 കോടി രൂപയാണ് വ്യവസായ പ്രദേശത്തിന്റെ നവീകരണത്തിന് ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിൽ 60% കേന്ദ്ര വിഹിതമാണ്. വരവൂരിന്റെ വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് 3 ലക്ഷം രൂപ കെ-ബിപ്പിന് നൽകുകയും, കെ-ബിപ്പ് പദ്ധതി രേഖ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരത്തോടെ കേന്ദ്ര |

| | | | |
|---|---|---|---|
| | | | ഗവൺമെന്റിന് നൽകിയിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച്, തുക ലഭിക്കുന്ന മുറയ്ക്ക് വരവൂർ വ്യവസായ പാർക്കിന്റെ പ്രവർത്തനം ആരംഭിക്കുന്നതാണ്. |
| (സി) | ഈ പദ്ധതി അംഗീകരിച്ചുവെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (സി) : | പദ്ധതി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (ഡി) | സംസ്ഥാന വ്യവസായ വകുപ്പിന്റെ ഏതെങ്കിലും പദ്ധതിയിൽ ഉൾപ്പെടുത്തി ഇവിടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (ഡി) : & (ഇ) : | ഇല്ല. |
| (ഇ) | എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | | |
| (എഫ്) | 2011-ൽ സർക്കാർ വ്യവസായ സംരംഭത്തിനുവേണ്ടി ഏറ്റെടുത്ത ഭൂമി അന്യാധീനപ്പെടാതെ വ്യവസായങ്ങൾ ആരംഭിക്കുവാൻ നടപടികൾ സ്വീകരിക്കുമോ ? | (എഫ്) : | വ്യവസായ പാർക്കിനായി ഏറ്റെടുത്ത സർക്കാർ ഭൂമി വ്യാവസായിക ആവശ്യത്തിനായി ഉപയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.